ARCHDIOCESE of TRIVANDRUM

Latin Archbishop's House,
Vellayambalam, Trivandrum 695 003,
Kerala, India, Phone: 0091-471-2724001
Fax: 0091-471-2725001
E-mail: archbishop@archtvm.in
Website: www.latinarchdiocesetrivandrum.org

n. 2021/AB/078 18th May, 2021

പ്രിയ ബഹുമാനപ്പെട്ട സഹോദര വൈദികരേ,

ശുശ്രൂഷ ദൗത്യം ഏറ്റെടുക്കുകയും സേവനത്തിനായി തങ്ങളെത്തന്നെ പൂർണ്ണമായും സമർപ്പിക്കുകയും ചെയ്യുന്നവരാണല്ലോ വൈദികർ. ദീർഘകാലമായി ആചാരാനുഷ്ഠാനങ്ങളിലും പരോപകാര പ്രവൃത്തികളിലുമാണല്ലോ വൈദികർ വ്യാപൃതരായിരിക്കുന്നത്. ലോകത്തെ ഇപ്പോൾ ഗ്രസിച്ചിരിക്കുന്ന മഹാമാരിയും നാം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന കടലേറ്റം, വെള്ളപ്പൊക്കം പോലുള്ള ദുരന്തങ്ങളും വ്യത്യസ്ത സവിശേഷതകൾ ആവശ്യമുള്ള പുത്തൻ സേവനരംഗങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. നിയമങ്ങളുടെയും നിരോധനങ്ങളുടെയും മുൻപിൽ അഭിഷിക്തരും അർപ്പിതരും അറച്ചുനിൽക്കുമ്പോൾ ശുശ്രൂഷാ രംഗങ്ങളിൽ ഇന്ന് നിറഞ്ഞു നില്ക്കുന്നത് ഭരണാധികാരികളും ഭിഷഗ്വരന്മാരും നേഴ്സുമാരും സന്നദ്ധ സേവകരും ജീവകാരുണ്യ പ്രവർത്തകരുമൊക്കെയാണ്. ഓരോ പ്രതിസന്ധിയും ഓരോ അവസരമാണെന്ന് പറയാറുണ്ട്. വൈദികരെ സംബന്ധിച്ചിടത്തോളം വിവിധ ദുരന്തങ്ങളുടെ ഇന്നത്തെ പശ്ചാത്തലം അവരുടെ സേവനത്തിന്റെ അന്തഃസത്ത എന്തെന്ന് ഒന്നുകൂടി വ്യക്തമായും വ്യക്തിപരമായും മനസ്സിലാക്കാനും സന്ദർഭോചിതമായ വ്യതിയാനങ്ങൾ വരുത്തുവാനുമുള്ള ആത്മശോധനയുടെയും തീരുമാനങ്ങളുടെയും ഒരു അവസരമായിരിക്കണം. വൈദികർ എല്ലാവർക്കും എല്ലാമായിരിക്കണം. അതേസമയംതന്നെ അവരുടെ തനതായ ശുശ്രൂഷാദൗത്യം വിസ്മരിക്കാതെ പ്രവർത്തനങ്ങളിലെല്ലാം അത് പ്രതിഫലിപ്പിച്ചുനിറുത്തുവാനും അവർക്ക് കഴിയണം.

വിവിധ ശുശ്രൂഷാ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരെല്ലാം വൈദികരുടെ സേവനം ഇന്നും വളരെയേറെ വിലമതിക്കുന്നുണ്ട്. ഏതൊരു പദ്ധതിയുടെയും വിജയത്തിന് ജനങ്ങളുടെ സഹകരണവും സന്നദ്ധതയും ആവശ്യമാണ്. നമ്മുടെ ഇടവകകളിൽ മറ്റാരെയുംകാൾ കൂടുതലായി ജനങ്ങളെ സ്വാധീനിക്കുവാൻ വൈദികർക്ക് സാധിക്കുന്നു. പ്രതിരോധശക്തി കൂടുതലുണ്ടെന്ന് സങ്കല്പിച്ച് മാരകമായ ഈ രോഗത്തെ നിസ്സാരമായി കരുതി അവഗണിച്ച ധാരാളംപേർക്ക് യാഥാർത്ഥ്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുവാനും ആവശ്യമായ മുൻകരുതലുകളെടുക്കുവാൻ സഹായിക്കാനും വൈദിക നേതൃത്വത്തിന് കഴിഞ്ഞിട്ടുണ്ട്. പല ഇടവകളിലും സന്നദ്ധ സേവകരെ ഒരുമിച്ചുകൂട്ടി സാധ്യമായ സംവിധാനങ്ങളുണ്ടാക്കി പ്രതിരോധ പ്രവർത്തനങ്ങൾ സജീവമാക്കുന്നു എന്ന റിപ്പോർട്ടുകൾ ആശ്വാസപ്രദമാണ്. സർക്കാരും സഭാസംവിധാനങ്ങളും അതിരൂപതയും നല്കുന്ന നിർദ്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുവാനും പാലിക്കുവാനും അടിയന്തിര സഹായങ്ങൾ ചെയ്തു കൊടുക്കുവാനും നമ്മുടെ വൈദികർ നടത്തുന്ന സേവനങ്ങളൊന്നും വിസ്മരിക്കുന്നില്ല.

ഇതൊക്കെയാണെങ്കിലും സർവ്വോപരി വൈദികന് നിർവ്വഹിക്കാനുള്ളത് ആത്മീയ ശുശ്രൂഷയാണ്. സമയത്തും അസമയത്തും സുവിശേഷം പ്രസംഗിക്കുവാനും തിന്മയുടെ ശക്തികളെ ബഹിഷ്ക്കരിക്കുവാനും രോഗികളെ സൗഖ്യമാക്കുവാനുമുള്ള ശുശ്രൂഷയാണല്ലോ യേശു അഭിഷിക്തരെ ഭരമേല്പിച്ചിരിക്കുന്നത്. നാംതന്നെ ഈ ശുശ്രൂഷയിൽ വിശ്വസിക്കുന്നുണ്ടോ?

ഫലപ്രദമായ രീതിയിൽ ഈ ശുശ്രൂഷ നിർവ്വഹിക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ? ഈ വക കാര്യങ്ങൾ ആത്മപരിശോധന ചെയ്തുനോക്കാനും വ്യക്തമായ കാഴ്ചപ്പാടുകളോടെ മുന്നോട്ടുപോകാനുമുള്ള ഒരു അവസരമാണിത്.

അഭിഷിക്തരെ ജനങ്ങൾ ദൈവമനുഷ്യരായിട്ടാണ് കാണുന്നത്. സ്നേഹം തന്നെയായ ദൈവത്തെ അനുഗമിക്കുകയും എല്ലാവർക്കും അനുഭവവേദ്യമാക്കിക്കൊടുക്കുകയും ചെയ്യേണ്ടവനാണ് അഭിഷിക്തൻ. പ്രത്യേകിച്ച്, ഇന്നത്തെ സാഹചര്യങ്ങളിൽ പൊതുവേ എല്ലാവരും നമ്മോട് ചോദിക്കുന്ന ഒരു ചോദ്യമിതാണ്: സ്നേഹംതന്നെയായ ദൈവം എന്തുകൊണ്ടാണ് ഇന്നത്തെ മഹാമാരിപോലെയുള്ള ദുരിതങ്ങളിലൂടെ കടന്നുപോകുവാൻ നമ്മെ അനുവദിക്കുന്നത്? ചോദിക്കുന്നതിനെല്ലാം ബൗദ്ധികമായ ഉത്തരം കൊടുക്കുവാൻ നമുക്ക് സാധിച്ചെന്നുവരില്ല. ദൈവത്തിന്റെ വഴികൾ നിഗൂഢങ്ങളാണ്. പലപ്പോഴും അവ മനുഷ്യബുദ്ധിക്ക് അതീതമാണ്. കാണുന്നതിനെക്കാളുപരി വിശ്വസിക്കുന്നവരാണ് നാം. ദൈവം സ്നേഹമാണെന്ന് - എല്ലാ നന്മകളുടെയും നിറകുടമാണെന്ന് നാം വിശ്വസിക്കുന്നു. ഓരോരുത്തരുടെയും ഇഷ്ടത്തിനൊത്ത് തുള്ളുന്നവനല്ല ദൈവം. സ്വാർത്ഥ താല്പര്യങ്ങളിൽനിന്ന് സഹനത്തിലൂടെ നമ്മെ ശുദ്ധീകരിച്ച് മഹത്വത്തിലേക്ക് നയിക്കുന്നവനാണ് ദൈവം. നാം ആഗ്രഹിക്കുന്നതിനെക്കാളും ആയിരം മടങ്ങ് നന്മ നമുക്കായി ആഗ്രഹിക്കുന്നവനാണ് ദൈവം. ഈ വിശ്വാസം ഉൾക്കൊള്ളുകയും അത് പങ്കുവയ്ക്കുകയും ചെയ്യുന്ന അഭിഷിക്തരുടെ വചനം ഹൃദയങ്ങളെ ജ്വലിപ്പിക്കും; ഇവരുടെ സാന്നിദ്ധ്യത്തിൽ തിന്മയുടെ ശക്തികൾ ഭയന്നുവിറയ്ക്കും; ഇവരുടെ സ്പർശനം അനേകർക്ക് സാന്ത്വനമേകും. അഭിഷേകത്തിലൂടെ അഭിഷിക്തർക്ക് ലഭിക്കുന്ന കൃപകളാണിവ. നമ്മിൽ നിറഞ്ഞുനിൽക്കുന്ന ഈ കൃപകൾ വെറുതെ അടിഞ്ഞുകൂടിക്കിടക്കാതെ ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുവാൻ വേണ്ട വിശ്വാസവെളിച്ചം നമുക്കുണ്ടാകണം.

സുവിശേഷത്തിലെ ഒരു സംഭവം ഇവിടെ എടുത്തുകാണിക്കുന്നത് സന്ദർഭോചിതമായിരിക്കും. യേശുവിൽനിന്നും കൃപ സ്വീകരിച്ചവരാണ് യേശുവിന്റെ ശിഷ്യന്മാർ. ഒരിക്കൽ യേശുവിന്റെ അഭാവത്തിൽ അവർ ഒരു ബാലനിൽ ആവസിച്ചിരുന്ന പിശാചിനെ ബഹിഷ്ക്കരിക്കുവാൻ ശ്രമിക്കുകയായിരുന്നു. എത്ര ശ്രമിച്ചിട്ടും അവർക്ക് അത് സാധിച്ചില്ല. അപ്പോൾ അവരുടെ മധ്യേ കടന്നുവന്ന യേശു പിശാചിനെ ബഹിഷ്ക്കരിക്കുന്നതിനുമുൻപ് ശിഷ്യന്മാരുടെ വിശ്വാസരാഹിത്യത്തെ ശാസിക്കുന്നതായി കാണുന്നു. കൃപ ലഭിച്ചിട്ടും അത് ഫലപ്രദമായി വിനിയോഗിക്കുവാൻ വേണ്ട വിശ്വാസവെളിച്ചം അവർക്കില്ലാതായിപ്പോയി. അവസാനം ഈ വിശ്വാസം നിലനിർത്തുവാനും പരിപോഷിപ്പിക്കുവാനുമുള്ള മാർഗ്ഗമായി യേശു അവർക്ക് ഉപദേശിച്ചുകൊടുത്തത് പ്രാർത്ഥനയും ഉപവാസവുമാണ്. ''പ്രാർത്ഥനയും (ഉപവാസവും) കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗ്ഗം പുറത്തുപോവുകയില്ല'' (മാർക്ക്. 9:29).

മഹാമാരി പൂർവ്വാധികം ശക്തമായി ആഞ്ഞടിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ സമൂഹവും അഭിഷിക്തരിൽനിന്നും പ്രതീക്ഷിക്കുന്നത് സർവ്വ പ്രധാനമായും മനമുരുകിയുള്ള അവരുടെ പ്രാർത്ഥനയാണ്. ദുരന്തങ്ങളെ അതിജീവിക്കുവാൻ ജോയേൽ പ്രവാചകൻ അഭിഷിക്തരെ ആഹ്വാനംചെയ്യുന്നത് ഇപ്രകാരമാണ്: ''കർത്താവിന്റെ ശുശ്രൂഷകരായ പുരോഹിതന്മാർ പൂമുഖത്തിനും ബലിപീഠത്തിനും മധ്യേ നിന്നു കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കട്ടെ: കർത്താവേ, അങ്ങയുടെ ജനത്തെ ശിക്ഷിക്കരുതേ! ജനതകളുടെ ഇടയിൽ പഴമൊഴിയും പരിഹാസ പാത്രവുമാകാതെ, അങ്ങയുടെ അവകാശത്തെ സംരക്ഷിക്കണമേ! എവിടെയാണ് അവരുടെ ദൈവം എന്ന് ജനതകൾ ചോദിക്കാൻ ഇടവരുന്നതെന്തിന്?'' (ജോയേ. 2:17).

ആത്മാർത്ഥമായ പ്രാർത്ഥന ഒരിക്കലും ഫലരഹിതമായി പോവുകയില്ല. ആവശ്യമായ ശുദ്ധീകരണം വരുത്താനും വിശ്വാസത്തെ ആഴപ്പെടുത്താനും ദൈവം

സമയമെടുത്തെന്നുവരും. ദൈവം തിരഞ്ഞെടുത്ത് കൃപകൾ കൊണ്ടുനിറച്ച അഭിഷിക്തരുടെ പ്രാർത്ഥന ഫലം പുറപ്പെടുവിക്കുകതന്നെ ചെയ്യും. പലപ്പോഴും നീതിക്കായി ഒരുമ്പെടുന്ന ദൈവം കരുണയ്ക്കായി യാചിക്കുന്ന അഭിഷിക്തരുടെ പ്രാർത്ഥനയ്ക്കുവേണ്ടി കാത്തിരിക്കുന്നതായി തോന്നിപ്പോകുന്നു. അബ്രഹാം, മോസസ്സ്, അഹറോൻ, ജോഷ്വാ, സാമുവേൽ, ഏലിയാസ് തുടങ്ങിയവരെല്ലാം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും കൃപയാൽ അഭിഷിക്തരുമായിരുന്നു. പ്രതികൂല സാഹചര്യങ്ങളിലും കരുണയ്ക്കായുള്ള അഭിഷിക്തരുടെ പ്രാർത്ഥന അത്ഭുതാവഹമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നതായി വേദപുസ്തകത്തിലുടനീളം നാം വായിക്കുന്നു. ''നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, പിതാവ് പുത്രനിൽ മഹത്വപ്പെടാൻവേണ്ടി ഞാൻ പ്രവർത്തിക്കും'' (യോഹ. 14:13) എന്ന് യേശു നമ്മെ ഓർമ്മിപ്പിക്കുന്നു. ''എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തുതരും'' എന്ന ഉറപ്പും യേശു നമുക്ക് നല്കുന്നുണ്ട്.

വിവിധ ആവശ്യങ്ങൾക്കായി നമ്മുടെ ജനം നമ്മെ സമീപിക്കാറുണ്ട്. അവസാനം പ്രാർത്ഥന യാചിച്ചുകൊണ്ടാണ് എപ്പോഴും അവരെല്ലാം വിടപറയാറുള്ളത്. അഭിഷിക്തരായ നമ്മുടെ പ്രാർത്ഥനയുടെ ശക്തിയിൽ വളരെ വലിയ വിശ്വാസമാണ് അവർ പ്രകടിപ്പിക്കുന്നത്. ഒരിക്കൽ യേശു എല്ലാവരെയും രക്ഷിക്കുവാനുള്ള തന്റെ അതിയായ ആഗ്രഹം ഇപ്രകാരം പ്രകടിപ്പിക്കുകയുണ്ടായി: ''പിടക്കോഴി കുഞ്ഞുങ്ങളെ ചിറകുകൾക്കുള്ളിൽ കാത്തുകൊള്ളുന്നതുപോലെ നിന്റെ സന്തതികളെ ഒരുമിച്ചു കൂട്ടാൻ ഞാൻ എത്രയോ പ്രാവശ്യം ആഗ്രഹിച്ചു!'' (മത്താ. 23:27). ഇത്ര വലിയ തീക്ഷ്ണതയോടും ആവേശത്തോടുംകൂടി അഭിഷിക്തർ അവശതയനുഭവിക്കുന്നവരെ ഹൃദയത്തോട് ചേർത്തുപിടിച്ച് ഉപവാസത്തോടുകൂടി മനമുരുകി പ്രാർത്ഥിക്കുകയാണെങ്കിൽ ഏതു മഹാമാരിയേയും അതിജീവിക്കുവാൻ സാധിക്കുമെന്ന് നമ്മുടെ വിശ്വാസം നമ്മെ പഠിപ്പിക്കുന്നു.

കോവിഡിന്റെ ഇന്നത്തെ പശ്ചാത്തലത്തിൽ ജോലിത്തിരക്ക് കാരണം പ്രാർത്ഥിക്കുവാൻ സമയമില്ലെന്ന് നാം ആരും പറയുകയില്ല. അഭിഷിക്തരാണെന്ന ബോദ്ധ്യം നമുക്കുണ്ട്. ഉപവസിച്ച് മനമുരുകി പ്രാർത്ഥിക്കുന്നതിന്റെ ഫലവും നമുക്കറിയാം. മാരകമായി വ്യാപിച്ചുകൊണ്ടിരിക്കുന്ന വൈറസിനെ നേരിടുവാൻ ശാസ്ത്രീയമായ വലിയ സംഭാവനകളൊന്നും ചെയ്യാൻ നമുക്കാവില്ല; സാമ്പത്തികമായ സംഭാവനകൾ ചെയ്യുന്നതിനും നമുക്ക് ഏറെ പരിമിതികളുണ്ട്; ശുശ്രൂഷാ രംഗങ്ങളിൽ നമ്മാലാവുന്ന സഹായവും സഹകരണവും നാം നല്കുന്നുണ്ട്. എന്നാൽ ഭയാനകമായ ഈ മാരക വ്യാധിയെ പ്രാർത്ഥനയിലൂടെ അതിജീവിക്കാനുള്ള ദൗത്യത്തിൽനിന്നും നമുക്ക് ഒഴിഞ്ഞുമാറാൻ സാധിക്കുകയില്ല. പ്രഥമവും പ്രധാനവുമായി അത് നമ്മുടെ കടമയാണ്.

കഴിഞ്ഞ പതിനേഴിലേറെ കൊല്ലങ്ങളായി ദിവ്യകാരുണ്യ നാഥന്റെ മുമ്പിൽ മണിക്കൂറുകൾ ചെലവഴിച്ചുകൊണ്ട് താപസ ജീവിതം നയിക്കുന്ന ഒരു അത്മായ വിശ്വാസി കൊറോണ വൈറസിന്റെ ബന്ധനത്തിൽനിന്നും വിമുക്തരാകുവാൻ സഹായിക്കുന്ന ഒരു പ്രാർത്ഥന തിരഞ്ഞെടുത്ത് അയച്ചുതരികയുണ്ടായി. അർത്ഥവത്തും സന്ദർഭോചിതവുമായ ഒരു പ്രാർത്ഥനയാണിതെന്ന് തോന്നുന്നു. നിങ്ങളുടെ പരിഗണനയ്ക്കും വേണ്ടിവന്നാൽ ഉപയോഗത്തിനുമായി ഈ പ്രാർത്ഥന ചുവടെ ചേർക്കുന്നു.

**Deliverance prayer**

In the name of the Father, and of the Son, and of the Holy Spirit, Amen

In the name of the Father almighty, creator of heaven and earth, + and in the name of Jesus Christ His only begotten Son, our Lord and Savior, + and in the name of the Holy Spirit, the Paracalate, + and through the powerful intercession of the blessed Virgin Mary, and through the intercession of the archangel St. Michael, and through the intercession of all the angels and saints, and with the grace conferred on me through the sacrament of priestly ordination; I hereby rebuke and command every spirit of darkness and oppression, obsession and affliction, every spirit which causes any kind of sickness or problem in the life these persons ( to this person, place or institution), to depart from them and go to the feet of Jesus. Let Jesus who had conquered the power of Satan through his passion, death and resurrection take control over you and send you to the outside darkness. In the name of Jesus, the Son of God, I challenge every spell and work of darkness, and I further command you Satan and satanic powers to go to the feet of Jesus Christ to be bound forever and never to return. Let the precious blood of Christ cover me and protect me from all snares of devil. Through this deliverance, Oh heavenly Father, let these persons experience the fullness of Jesus' redemption and glorify your name now and forever. In the name of the Father + and of the Son +and of the Holy Spirit + Amen.

(The priest sprinkles holy water)

– ഈ പ്രാർത്ഥനയെക്കുറിച്ചും അനുദിന ജീവിതത്തിൽ അഭിഷിക്തരുമായി ബന്ധപ്പെട്ട സഭയിലെ സുപ്രധാന പ്രാർത്ഥനകളെക്കുറിച്ചും നല്കുവാനുള്ള ചില സൂചനകളിവയാണ്:

– വ്യക്തികളുടേയോ സമൂഹത്തിന്റെയോ സ്ഥാപനങ്ങളുടേയോ നേരെ കരങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഒറ്റയ്ക്കോ മറ്റുള്ളവരുടെ സാന്നിദ്ധ്യത്തിലോ മേൽപ്പറഞ്ഞ പ്രാർത്ഥന ചൊല്ലാവുന്നതാണ്.

– നമ്മുടെ വൈദികരിൽ നല്ലൊരു ഭാഗവും ഓരോ ദിവസവും ഒരു നിശ്ചിത സമയം ദിവ്യകാരുണ്യ ആരാധനയിൽ മുഴുകുന്നവരാണ്. അജഗണത്തെയും ലോകം മുഴുവനെയും തിരുവോസ്തിയുടെ മുമ്പിൽ സമർപ്പിച്ചുകൊണ്ട് എല്ലാ അവശതകളിൽനിന്നും ദുരാത്മാക്കളിൽനിന്നും ധാർമ്മികാധഃപതനങ്ങളിൽനിന്നും മോചനം ലഭിക്കൂവാനായി ഈ പ്രാർത്ഥനയുംകൂടി ചേർക്കാവുന്നതാണ്.

– മാധ്യമങ്ങൾ ഒഴിവാക്കിക്കൊണ്ട് ഒരു നിശ്ചിത സമയം സ്നേഹം പങ്കിടാനും പ്രാർത്ഥിക്കാനും കുടുംബാംഗങ്ങളെല്ലാം ഭവനത്തിൽ ഒരുമിച്ചു ചേരുന്ന ഒരു പതിവ് നമ്മുടെ പല ഇടവകകളിലും ആരംഭിച്ചിട്ടുണ്ടല്ലോ. ഇന്നത്തെ ഈ സാഹചര്യങ്ങളിൽ കുടുംബാംഗങ്ങളുടെ പ്രാർത്ഥനാശീലം നിലനിറുത്താനും പരിപോഷിപ്പിക്കാനും ഈ പതിവ് വളരെയേറെ ഉപകരിക്കും. കുടുംബങ്ങളുടെ

അറിവോടുകൂടി നിശ്ചിത സമയത്ത് വികാരിയച്ചന് സ്വഭവനത്തിലിരുന്ന് മോചനത്തിനായുള്ള ഈ പ്രാർത്ഥനയും സമർപ്പിക്കാവുന്നതാണ്.

– നമ്മുടെയും ലോകംമുഴുവന്റെയും മോചനത്തിനായുള്ള ഒരു പ്രാർത്ഥനയാണ് ഇന്ന് നമുക്കെല്ലാം സുപരിചിതമായ കരുണക്കൊന്ത. ലോകമാസകലം കോടിക്കണക്കിന് ആളുകളാണ് ഹ്രസ്വമായ ഈ പ്രാർത്ഥനയിലൂടെ ആശ്വാസം കണ്ടെത്തിക്കൊണ്ടിരിക്കുന്നത്. എല്ലാവിധ ദുരന്തങ്ങളിൽനിന്നും മഹാമാരികളിൽ നിന്നും മോചനം പ്രാപിക്കുവാൻ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പയും അദ്ദേഹത്തിന്റെ പിൻഗാമികളും നിർദ്ദേശിക്കുന്ന ഫലപ്രദമായ ഒരു ഭക്താഭ്യാസമാണിത്.

– പൈശാചിക ശക്തികളുമായുള്ള യുദ്ധത്തിൽ സംരക്ഷകനും പരിപാലകനുമായി തിരുസ്സഭ പരമ്പരാഗതമായി വണങ്ങുന്നത് വിശുദ്ധ മിഖായേൽ മാലാഖയെയാണല്ലോ. ദിവസവും വിശുദ്ധ മിഖായേലിനോടുള്ള പ്രാർത്ഥന ചൊല്ലി ഈ മുഖ്യ ദൂതന്റെ ഭക്തിയിൽ വളരുവാൻ ഫ്രാൻസിസ് പാപ്പാ സഭാംഗങ്ങളെയെല്ലാം ആഹ്വാനം ചെയ്യുന്നു.

– നൂറ്റാണ്ടുകളായി നമ്മുടെ പ്രാദേശിക സഭയിൽ വിശ്വാസം സംരക്ഷിക്കുവാൻ നമുക്ക് സാധിച്ചത് പ്രധാനമായും ജപമാല ഭക്തിയിലൂടെയാണ്. ഭക്തിനിർഭരമായ വിധത്തിൽ ജപമാല ചൊല്ലുവാൻ വിശ്വാസികൾക്ക് മാതൃകയും പ്രചോദനവും നല്കേണ്ടത് വൈദികരാണല്ലോ. ഇന്നത്തെ മഹാമാരിയെയും ദുരന്തങ്ങളെയും അതിജീവിക്കുവാൻ അഖണ്ഡ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന ധാരാളം ഇടവകകളുണ്ട്.

– യാമപ്രാർത്ഥനകൾ വിശ്വസ്തതാപൂർവ്വം ചൊല്ലി ഓരോ ദിവസത്തെയും വിശുദ്ധീകരിക്കാമെന്ന് വാഗ്ദാനം ചെയ്തവരാണ് വൈദികർ. പ്രാർത്ഥനയിലൂടെ ശക്തി സംഭരിക്കാതെ ആർക്കും തിന്മയുടെ ശക്തികളെയും ദുരന്തങ്ങളെയും അതി ജീവിക്കാനാവില്ലല്ലോ.

– പ്രാർത്ഥനയിലൂടെ ദൈവവുമായുള്ള ബന്ധം നിലനിറുത്താനും പരിപോഷിപ്പിക്കുവാനുമാണല്ലോ നാം ശ്രമിക്കുന്നത്. ബലിയർപ്പണത്തെക്കാളും കൂദാശപരികർമ്മത്തെക്കാളും ദൈവവുമായുള്ള ബന്ധം ആഴമാക്കുവാൻ സഹായിക്കുന്ന ഫലപ്രദമായ മാർഗ്ഗം വേറെയൊന്നുമില്ല.

പ്രാർത്ഥനാശംസകളോടെ,

† സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത

ARCHBISHOP M. SOOSAPAKIAM
TRIVANDRUM